## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2337 — 13.2.2013 ൽ മറുപടിയ്ക്ക്

### ആർ.ടി. ഒ ഓഫീസുകളിലെ ഇ-പേമെന്റ് സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ: | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) | ആർ.ടി. ഒ ഓഫീസുകളിൽ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകമോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം തിരുവനന്തപുരം, ആറ്റിങ്ങൽ എന്നീ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, കഴക്കൂട്ടം, നെയ്യാറ്റിൻകര, പാറശ്ശാല എന്നീ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഇപ്പോൾ സജ്ജമാക്കിയിട്ടുണ്ട്.പ്രസ്തുത സംവിധാനത്തിന്റെ ഇതുവരെയുള്ള പ്രവർത്തനം വിജയകരമായതിനാൽ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലേക്കും ഈ സംവിധാനം താമസിയാതെ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത ഓഫീസുകളിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകമോ; | (ബി) | ഉണ്ട്. ജോലിഭാരം കണക്കിലെടുത്ത് മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഓഫീസുകളിലെ അഴിമതി തടയുന്നതിനായി മിന്നൽ പരിശോധന നടത്താൻ നടപടി സ്വീകരിക്കമോ; വിശദാംശം നൽകാമോ? | (സി) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുന്നതിനായി ഇന്റേണൽ വിജിലൻസ് വിംഗിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പിലെ എല്ലാ മുതിർന്ന ഉദ്യോഗസ്ഥരും ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. ഇത് കൂടാതെ വിജിലൻസ് വകുപ്പ്, റീജിയണൽ |

| | | | |
|---|---|---|---|
| | | | ട്രാൻസ്പോർട്ട് ഓഫീസ്, സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ചെക്ക്പോസ്റ്റുകൾ, എന്നിവിടങ്ങളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തി കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളും കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ